33

# "ആദ്യം ... അന്ത്യോക്ക്യയിൽ"

## (11:19- 30)

ഏതും ആദ്യം പ്രത്യേകതയുള്ളതാകുന്നു. 1876–ൽ, അലെക്സാണ്ടർ ഗ്രഹംബെൽ അശ്രദ്ധയാൽ തന്റെ വസ്ത്രത്തിൽ ആസിഡ് വീണപ്പോൾ തന്റെ ആദ്യ കണ്ടുപിടുത്തമായ, ടെലഫോണിനെക്കുറിച്ച് വാർത്ത വന്നു: "മിസ്റ്റർ വാറ്റ്സൺ, ഇവിടെ വരു, എനിക്കു നിങ്ങളെ ആവശ്യമുണ്ട്" 1938–ൽ, എൻബിസിയിൽ നിന്നു ഒരു സഞ്ചരിക്കുന്ന ടെലവിഷൻ യൂണിറ്റിന്റെ ക്യാമറക്കു തീ പിടിച്ചു, ആദ്യമായി വാർത്തകൾ ലൈവ് ആയി കാണിക്കുന്ന സംഭവമായി. 1951–ൽ, ഐബിഎം അവരുടെ ആദ്യ കംപൂട്ടർ, ഇറക്കി ലോകത്തിൽ വ്യാപാര നടത്തിപ്പു തന്നെ മാറി. 1969–ൽ, നമ്മെ അനേകരെ അതിശയിപ്പിക്കുമാറ് നെയിൽ ആംസ്ട്രോങ്ങ് ആദ്യമായി ചന്ദ്രനിൽ നടന്നു.

വ്യക്തിപരമായ "ആദ്യ" സംഭവങ്ങളും പ്രത്യേകതയുള്ളതാണ്. എന്റെ ഭാര്യ ജോയെ, ഞാൻ ആദ്യമായി കണ്ടത് ഞാൻ ഓർക്കുന്നു. എന്റെ മൂന്നു മക്കളെയും ഞാൻ ആദ്യമായി കണ്ടത് ഞാൻ ഇപ്പോഴും ഓർക്കുന്നു, അതുപോലെ അവരുടെ മക്കളെയും. എന്റെ ആദ്യ പട്ടികയിൽ കാറ്, ആദ്യ പ്രസംഗം, പിന്നെ ആദ്യം കഴിച്ച ഭക്ഷണത്തിന്റെ രുചി തുടങ്ങിയവ ഓർമ്മയിലുണ്ട്.

ചില ആദ്യ സംഭവങ്ങൾ പ്രധാനപ്പെട്ടവയാണ്; മറ്റു ചിലത് അത്ര പ്രാധാന്യമുള്ളതല്ല. വളരെ പ്രാധാന്യമുള്ള ആദ്യത്തേത് നാം പ്രവൃത്തികൾ 11:26–ൽ വായിക്കുന്നു: "... *ആദ്യം* അന്ത്യോക്ക്യയിൽ വെച്ച് ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി"(എംഫസിസ് മൈൻ). "ക്രിസ്ത്യാനി" എന്ന സുപരിചിതമായിത്തീർന്ന പദവി സഭയുടെ പ്രാരംഭ നാളുകളിൽ ഉണ്ടായിരുന്നില്ല എന്നറിയുമ്പോൾ നാം അതിശയിച്ചു പോകും. അതെങ്ങനെ സംഭവിച്ചു? എന്തുകൊണ്ടു *അന്ത്യോക്ക്യയിൽ* ആരംഭിച്ചു? ഇവയാണ് ഈ പാഠത്തിൽ നാം ചോദിക്കുന്ന ചില ചോദ്യങ്ങൾ.

നമ്മുടെ അവതരണ കേന്ദ്രങ്ങൾ അന്ത്യോക്ക്യാ പട്ടണത്തിൽ നിന്നാണ്.[1] 11:19–30–ൽ, സഭാ പ്രവൃത്തികൾ യെരുശലേമിൽ നിന്നു അന്ത്യോ

ക്ക്യയിലേക്കു മാറുന്നതായി ലൂക്കൊസിന്റെ ശ്രദ്ധയിൽപ്പെട്ടു. 13-ാം അദ്ധ്യായം മുതൽ, പൗലൊസിന്റെ മിഷ്ണറി യാത്രകൾക്കു അടിസ്ഥാനമായിത്തീരുന്നത് അന്ത്യോക്ക്യയാണ്.

സത്യസന്ധമായി, നിങ്ങളും ഞാനും ദൈവപദ്ധതിക്കായി, ഒരു പട്ടണം നോക്കുകയാണെങ്കിൽ നാം ഒരിക്കലും അന്ത്യോക്ക്യ തിരഞ്ഞെടുക്കയില്ല. സുറിയയിലെ അന്ത്യോക്ക്യ ലോകത്തിലെ മുഖ്യ പട്ടണങ്ങളിൽ ഒന്നായിരുന്നു. ഇതു കണ്ടു പിടിച്ചത് സെലുക്കസ് നിക്കാറ്റോർ ആണ്.[2] അദ്ദേഹത്തിന്റെ പിതാവിന്റെ പേരായ അന്റിയോക്കസ് I[3] എന്ന പേരാണ് ഇട്ടത്. അന്ത്യോക്ക്യ വളർന്നു ലോകത്തിലെ വലിയ പട്ടണങ്ങളിൽ മൂന്നാമതായി[4] അതൊരു മനോഹരപട്ടണമായിരുന്നു, രാഷ്ട്രിയവും വ്യാപാരവുമായ കേന്ദ്രമായി മാറി. ലോകത്തിൽ ഏറ്റവും ഭക്തിരഹിതമായ പട്ടണങ്ങളിൽ ഒന്നായും മാറി, രണ്ടാമത്തേത് കൊരിന്തും ആയിരുന്നു. പട്ടണത്തിനു തെക്കുമാറി ഡാഫ്നെയുടെ പ്രതിഷ്ഠയുണ്ടായിരുന്നു, അവിടെയാണ് ഗ്രീക്ക് ദേവനായ അപ്പൊളോസ് ഡാഫ്ന ദേവതയെ വേട്ടയാടി (പുരോഹിതകളുമായി പരസംഗത്തിലേർപ്പെടുന്നു[5]) അതിനെ ആരാധകർ ഇതിഹാസ പ്രതിഷ്ഠയായി വണങ്ങുകയും ചെയ്യുന്നു. റോമിന്റെ ധാർമ്മികത്വം ഇടിഞ്ഞപ്പോൾ, അന്ത്യോക്ക്യയുടെ വഷളത്വവും അധികം അറിയപ്പെടാൻ തുടങ്ങി, ഒരു കവി പറഞ്ഞത് ഓറോനോട്സിന്റെ മാലിന്യം തിബര്യ നദിയിലേക്കു ഒഴുകി എന്നാണ് (ഓറോനോട്സ് അന്ത്യോക്ക്യയിലുണ്ടായിരുന്ന നദിയായിരുന്നു; തിബര്യാസ് നദി റോമിലുമായിരുന്നു). ആകൃതിയിൽ ബ്രഹത്തായും, പുറമെ ഭൗതികവും, അന്തർഭാഗം അഭക്തിയുമായി അന്ത്യോക്ക്യ യെരുശലേമിനു നേരെ വിപരീതമായിരുന്നു. എന്നിട്ടും, ദൈവകരുണയാൽ, ദൈവപദ്ധതിയുടെയും ഉദ്ദേശത്തിന്റെയും പ്രവൃത്തികളുടെ പുസ്തകത്തിന്റെ രണ്ടാം ഭാഗമായിത്തീർന്നു. ദൈവത്തിന്റെ സത്യ പഠന വസ്തുവായിരുന്നു അന്ത്യോക്ക്യ: സുവിശേഷം വാസ്തവത്തിൽ എല്ലാവർക്കും ഉള്ളതാണ്!

അന്ത്യോക്ക്യയിൽ സംഭവിച്ച ഒരു "ആദ്യം" എന്നതു നാം പറഞ്ഞു കഴിഞ്ഞു. നമ്മുടെ വേദഭാഗം നാം പഠിക്കുമ്പോൾ, പല പ്രധാനപ്പെട്ട "ആദ്യകൾ" ഈ സുറിയ പട്ടണത്തിൽ ആരംഭിക്കുന്നതായി നാം കാണും.

### ആദ്യമായി "എല്ലാവർക്കുമുള്ള" സുവിശേഷം എല്ലാവരോടും പ്രസംഗിച്ചു (11:19, 20)

11:19 മുതൽ 8-ാം അദ്ധ്യായത്തിൽ തൂങ്ങി കിടക്കുന്ന ഒരു ചരട് ലൂക്കൊസ് എടുക്കുന്നുണ്ട്. 8:1, 4, നാം വായിക്കുന്നത്,

> അവനെ കുല ചെയ്ത അന്നു [സ്തെഫാനൊസിനെ കൊന്ന ദിവസം] യെരുശലേമിലെ സഭയ്ക്കു ഒരു വലിയ ഉപദ്രവം നേരിട്ടു; അപ്പൊസ്തലന്മാർ ഒഴികെ, എല്ലാവരും യെഹൂദ്യ ശമര്യ ദേശങ്ങളിൽ ചിതറിപ്പോയി (വാക്യം 1).
>
> ചിതറിപ്പോയവർ, വചനം സുവിശേഷിച്ചുകൊണ്ടു അവിടവിടെ സഞ്ചരിച്ചു (വാക്യം 4).

11-ാം അദ്ധ്യായത്തിനു മുമ്പ്, ലൂക്കൊസ് ശ്രദ്ധിച്ചത് പാലസ്തീനിൽ നിന്നു കാണാവുന്ന ദൂരത്തിൽ പ്രസംഗിച്ചതാണ്. കുറെ കഴിഞ്ഞപ്പോൾ, അവൻ ശ്രദ്ധിച്ചത്, സഭയിലെ അംഗങ്ങൾ വിദൂരസ്ഥലങ്ങളിലേക്കു യാത്ര ചെയ്യുന്നതും ക്രിസ്തുവിന്റെ സന്ദേശം എത്തിക്കുന്നതുമാണ്: "സ്തെഫാനൊസ് നിമിത്തം ഉണ്ടായ ഉപദ്രവം ഹേതുവാൽ ചിതറിപ്പോയവർ യെഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിക്കാതെ ഫൊയ്നിക്ക്യ, കുപ്രൊസ്, അന്ത്യോക്ക്യ എന്നീ പ്രദേശങ്ങളോളം സഞ്ചരിച്ചു" (വാക്യം 19). മദ്ധ്യധരണ്യാഴിയുടെ തീരത്തു കൂടെ പതിനഞ്ചു മൈലോളം നീണ്ടു കിടന്ന സ്ഥലമായിരുന്നു ഫൊയ്നിക്യ, പലസ്തീന്റെ വടക്കേ അറ്റത്തു നിന്നു തുടങ്ങി 120 മൈൽ വടക്കോട്ടും കിടക്കുന്നു.[6] ഒരു സമയത്ത് (എപ്പോഴെന്നു ലൂക്കൊസ് പറയുന്നില്ല), ശിഷ്യന്മാർ ചിതറി ഫൊയ്നിക്യയോളമെത്തി സുവിശേഷം പ്രസംഗിക്കയും ഇടവകകൾ സ്ഥാപിക്കയും ചെയ്തു.[7] ഇവിടെ നിന്നു, ചിലർ കടൽ മാർഗ്ഗം സഞ്ചരിച്ചു കുപ്രൊസ് ദ്വീപിലെത്തി സുവിശേഷം അറിയിച്ചു,[8] എന്നാൽ മറ്റുള്ളവർ വടക്കോട്ടു യാത്ര ചെയ്തു സുറിയയിലും അന്ത്യോക്ക്യയിലും പ്രസംഗിച്ചു. എങ്കിലും, ആ സമയത്ത്, മറ്റു ശിഷ്യന്മാരെപ്പോലെ, "യെഹൂദന്മാരോടല്ലാതെ മറ്റാരോടും വചനം സംസാരിച്ചില്ല" (വാക്യം 19).

പിന്നെ അവർക്കു തെക്കു മാറി സുപ്രധാനമായ ചിലത് സംഭവിച്ചു. ആദ്യമായി സുവിശേഷം ജാതികളോടു പ്രസംഗിക്കയും, ജാതികളെ സഭയുടെ കൂട്ടായ്മയിലേക്കു സ്വീകരിക്കയും ചെയ്തു (പ്രവൃത്തികൾ 10). "ജാതികൾക്കും ദൈവം ജീവപ്രാപ്തിക്ക് [ആയി] മാനസാന്തരം കൊടുത്തു" വെന്ന വാർത്ത വടക്കോട്ടു വ്യാപിച്ചു (11:18).[9] തൽഫലമായി, "അവരിൽ ചിലർ കുപ്രൊസ്തരും കുറേനക്കാരും ആയിരുന്നു,[10] അവർ അന്ത്യോക്ക്യയിൽ എത്തിയശേഷം യവനന്മാരോടും കർത്താവായ യേശുവിനെക്കുറിച്ചുള്ള[11] സുവിശേഷം[12] അറിയിച്ചു" (വാക്യം 20). "യവനന്മാർ" എന്നു പറഞ്ഞിരിക്കുന്നത് ഗ്രീക്കു - സംസാരിക്കുന്ന ജാതികളാണ്[13] രേഖപ്രകാരം, ആദ്യമായാണ്, പുരുഷന്മാർ ധൈര്യത്തോടെ ജാതികളോടു യേശുവിനെക്കുറിച്ചു പറഞ്ഞത്! (ഓർക്കുക, *ദൈവം* പത്രൊസിൽകൂടെ കൊർന്നെല്ല്യോസിനോട് സുവിശേഷം അറിയിക്കാൻ മുതിർന്നു, പത്രൊസല്ല) ജാതി ഭേദമെന്യേ[14] എല്ലാവരെയും സ്നേഹിച്ച ആ സുവിശേഷകന്മാരുടെ പേർ നമുക്കറിഞ്ഞുകൂട - എന്നാൽ ദൈവം അറിയുന്നു. നഷ്ടപ്പെട്ട ആത്മാക്കളിലേക്കു വചനം വ്യാപിപ്പിക്കുക എന്നത് പ്രധാന കാര്യമാണ്; അങ്ങനെ ചെയ്യുന്നതിന്റെ മാന്യത നാം എടുക്കരുത്.

### "എല്ലാവർക്കുമായി" ഒരു ഇടവക ആദ്യമായി സ്ഥാപിച്ചു (11:21)

അന്ത്യോക്ക്യയിലെ ജാതികളോട് ആപേർ പറയാത്ത നായകന്മാർ സുവിശേഷം പങ്കിടുകയും, ദൈവം അതിനെ അനുഗ്രഹിക്കയും ചെയ്തു. "കർത്താവിന്റെ കൈ അവരോടുകൂടെ ഉണ്ടായിരുന്നു" (വാക്യം 21). ഈ പഴയ പദം ലൂക്കൊസ് ഉപയോഗിച്ചത് ദൈവിക അംഗീകാരത്തെ സൂചിപ്പിക്കുന്നതിനാണ് (13:11; ലൂക്കൊസ് 1:66). ചിലപ്പോൾ ആ അംഗീകാരം അത്ഭുതത്താൽ തെളിയിച്ചിട്ടുണ്ട് (4:30); ഒരുപക്ഷെ അതാ

യിരിക്കാം ഇവിടെയും നടന്നത്.[15]

സുവിശേഷപ്രസംഗത്തെ ദൈവം അനുഗ്രഹിച്ചതിന്റെ ഫലമായി, "വലിയോരു കൂട്ടം വിശ്വസിച്ചു കർത്താവിങ്കലേക്കു തിരിഞ്ഞു" (വാക്യം 21). അന്യദേവന്മാരെ വണങ്ങി മടുത്ത, ജാതികളുടെ "വലിയോരു കൂട്ടം" സന്ദേശം കേട്ടു "വിശ്വസിച്ചു" കൊർന്നെല്ല്യോസും അവന്റെ ഭവനവും ചെയ്തതുപോലെ (10:48) "കർത്താവിങ്കലേക്കു തിരിഞ്ഞു"[16] കർത്താവിനോടു ചേരുവാൻ സ്നാനമേല്ക്കുകയും (ഗലാത്യർ 3:26, 27) ദൈവം അവരെ സഭയോടു ചേർക്കുകയും ചെയ്തു.

മുൻപു സ്ഥാപിച്ചവയിൽ നിന്നു വ്യത്യസ്തമായി, ഒരു പുതിയ ഇടവക സ്ഥാപിച്ചു. അതിൽ അധികവും ജാതികളായിരുന്നു,[17] എന്നാൽ അവിടെ യെഹൂദ അംഗങ്ങളും ഉണ്ടായിരുന്നു.[18] യെഹൂദന്മാരും ജാതികളും സഭായോഗങ്ങളിൽ തോളോട് തോൾ ചേർന്നു ഇരുന്നു പ്രസംഗം കേട്ടു, ഒരുമിച്ചു പ്രാർത്ഥിച്ചു, ഒരുമിച്ചു ദൈവത്തെ പുകഴ്ത്തി, കർത്തൃമേശയും ഒരുമിച്ചെടുത്തു. ഒരേ ഇടവകയിൽ, ആദ്യമായി യെഹൂദന്മാരും ജാതികളും ചേർന്ന് ആരാധിക്കയും, പ്രവർത്തിക്കയും, ഒരുമിച്ചു ഭക്ഷിക്കയും ചെയ്തു. അന്ത്യോക്ക്യയുടെ ഒരുവശത്ത് യെഹൂദ ഇടവകയുടെ ആശയവും മറുവശത്ത് ജാതികളുടെ ഇടവകയും. അവർക്കിടയിലെ വേർപ്പാട് തകർക്കുകയാണ്. യേശു അവർക്കിടയിലെ തടസ്സങ്ങൾ തകർത്തില്ലേ? യേശു അവരെ *ഒന്നാക്കി*യില്ലേ? (എഫേസ്യർ 2:15, 16; ഗലാത്യർ 3:26–28.)

### യെഹൂദന്മാർ "എല്ലാവരോടുമുള്ള കരുതൽ" ആദ്യമായി പ്രദർശിപ്പിച്ചു (11:22-24)

പത്രൊസിന്റെ ജാതികളോടുള്ള പ്രസംഗവാർത്ത വടക്കോട്ടു വ്യാപിച്ചതുപോലെ, ജാതികളുടെ ഇടവക ആരംഭിച്ച വിവരം തെക്കോട്ടും വ്യാപിച്ചു. "അവരെക്കുറിച്ചുള്ള ഈ വർത്തമാനം യെരുശലേമിലെ സഭയുടെ ചെവിയിൽ എത്തി" (വാക്യം 22). മുൻപ്, ശമര്യക്കാർ ദൈവവചനം കൈക്കൊണ്ടു എന്നു അപ്പൊസ്തലന്മാർ കേട്ടപ്പോൾ, അവർ പത്രൊസിനേയും യോഹന്നാനെയും അയച്ചു യോഹന്നാൻ (8:14). ഇപ്പോൾ യെരുശലേമിലെ സഭ ബർന്നബാസിനെ അന്ത്യോക്ക്യയോളം അയച്ചു (11:22).[19]

ജാതിയിൽപ്പട്ടവരുടെ ഒരു ഇടവകയെക്കുറിച്ചുള്ള വർത്തമാനം യെരുശലേം സഭയിൽ പൊതുവെ അസ്സഹിഷ്ണുത അനുഭവപ്പെടുകയും ബർന്നബാസിനെ അതു പരിശോധിക്കാൻ അയക്കുകയും ചെയ്തു. ഒരു പക്ഷെ യെരുശലേം സഭയിലെ *ചിലർ* ഇളകി മറിഞ്ഞേക്കാം (ഉദാഹരണമായി, "പരിച്ഛേദനക്കാർക്കിടയിൽ," 11:2). യെരുശലേം സഭയിലെ അദ്ധ്യക്ഷന്മാർ അവരെ തണുപ്പിക്കാൻ ശ്രമിച്ചു, പക്ഷെ ബർന്നബാസിനെ അയക്കാനുള്ള പ്രാഥമിക കാരണം അതായിരുന്നോ എന്നു ഞാൻ സംശയിക്കുന്നു കാരണം കുറച്ചു മുൻപു, യെരുശലേമിലെ ക്രിസ്ത്യാനികൾ മുഴുവൻ "ദൈവത്തെ മഹത്വപ്പെടുത്തി, പറഞ്ഞു, 'ശരി, ... ദൈവം *ജാതികൾക്കും* [കൊർന്നെല്ല്യോസിനും അവന്റെ ഭവനത്തിനും മാത്രമല്ല ജാതികൾക്കു മൊത്തത്തിൽ] ജീവപ്രാപ്തിക്കായി മാനസാന്തരം കൊടുത്തുവല്ലൊ'" (11:18; എംഫസിസ് മൈൻ). അവർ അയച്ച മനുഷ്യൻ നിമി

ത്തവും ഞാൻ സംശയിക്കുന്നു അവർ അയച്ചത് "വിമർശക പരിശോധകനെ" ആയിരുന്നില്ല. സഭയിലെ വിശാല ഹൃദയനെയാണ് അയച്ചത്. ഏതു സാഹചര്യത്തിലും, എല്ലാവരുടെയും നന്മയെ നോക്കുന്ന ആളെയാണ് അയച്ചത്, അവൻ സങ്കുചിതത്വത്തിനല്ല, സ്നേഹത്തിനാണ് ശ്രദ്ധേയനായത്. അവർ ബർന്നബാസിനെ പറഞ്ഞയച്ചു (4:36; 9:26, 27). അവസാനം, ബർന്നബാസ് അവിടെ എത്തിയപ്പോൾ ചെയ്തതും ഞാൻ സംശയിക്കാനിടയായി. 3–ാം അദ്ധ്യായം നാം പഠിച്ചപ്പോൾ, പത്രൊസും യോഹന്നാനും ദൈവാലയത്തിൽ പോയതിന്റെ ഉദ്ദേശം അവർ അവിടെ പോയി *ചെയ്തതിൽ* നിന്നും നാം കണ്ടെത്തി.[20] അതുപോലെ സഭ ബർന്നബാസിനെ അയച്ചതിന്റെ പ്രാഥമിക ഉദ്ദേശം അവൻ അവിടെ പോയി ചെയ്തതിൽ നിന്നു നമുക്കു കണ്ടെത്താം. അവൻ അവിടെ പോയി പരിശോധിച്ചു വിവരം യെരുശലേമിലേക്കു അയക്കുകയല്ല ചെയ്തത്. മറിച്ച്, അവൻ അവരെ *പ്രോത്സാഹിപ്പിക്കാൻ* തുടങ്ങി (വാക്യം 23).

ബർന്നബാസിനെ അന്ത്യോക്ക്യയോളം അയച്ചത് യെരുശലേം സഭയുടെ സ്നേഹത്തിന്റെയും പിന്തുണയുടെയും ഉൽക്കൃഷ്ടമായ ആദ്യ പ്രവൃത്തിയായിരുന്നു. തങ്ങൾ അവരോടൊപ്പം അണെന്നു വളർന്നു വരുന്ന അന്ത്യോക്ക്യയിലെ കൂട്ടത്തെ അറിയിക്കാൻ അവർ ആഗ്രഹിച്ചു. അതുകൊണ്ട്, അവർ ആ പ്രത്യേക പ്രവർത്തിക്കു യോജിച്ച ആളെ ത്തന്നെ അയച്ചു.[21] ബർന്നബാസ് കുപ്രൊസിൽ ജനിച്ചതുകൊണ്ട് (4:36), അന്ത്യോക്ക്യ അവനു സുപരിചിതമായിരുന്നു. കുപ്രൊസ് ദ്വീപിൽ നിന്നു അന്ത്യോക്ക്യയിലേക്കു പോയ ഒരു സ്നേഹിതനും അവനോടു കൂടെ ഉണ്ടായിരുന്നേക്കാം. അതിലുപരി, ഒരു യവനഭാഷക്കാരനും യെഹൂദനുമായ, ബർന്നബാസ് ബഹുവിധ പ്രശ്നങ്ങൾ നേരിട്ട അന്ത്യോക്ക്യക്കു യോഗ്യൻ തന്നെയായിരുന്നു. ബർന്നബാസിനെ അയക്കുന്നത് യെരുശലേം സഭയുടെ ആത്മീയ ഔന്നത്യത്വത്തെ ആണ് കാണിക്കുന്നത്.[22]

വാക്യം 23 പറയുന്നു "അവൻ [അന്ത്യോക്ക്യയിലേക്കു] വന്നപ്പോൾ ദൈവകൃപ കാണുകയും,[23] സന്തോഷിക്കുകയും ചെയ്തു" (വാക്യം 23). ജാതികളുടെ പ്രതികരണ മനോഭാവം ബർന്നബാസ് കണ്ടപ്പോൾ, ജാതികളും യെഹൂദന്മാരും പരസ്പരം സനേഹിക്കുന്നത് അവൻ കണ്ടപ്പോൾ, അവന്റെ ഹൃദയം നിറഞ്ഞു കവിഞ്ഞു. അവർ വലിയ ഒരു തുടക്കം കുറിച്ചു, അതുകൊണ്ടു അവൻ "എല്ലാവരും ഹൃദയനിർണ്ണയത്തോടെ[24] കർത്താവിനോടു ചേർന്നു നിൽപാൻ തക്കവണ്ണം പ്രബോധിപ്പിച്ചു" (വാക്യം 23).[25] തുടങ്ങുക എന്നത് ഒരു കാര്യം; സ്ഥിരത പാലിക്കുക എന്നത് മറ്റൊരു കാര്യം.

വാക്യം 24 ബർന്നബാസിന്റെ ആത്മീയചിത്രം നൽകുന്നു: "അവൻ നല്ലൊരു മനുഷ്യനായിരുന്നു, വിശ്വാസ നിറവും പരിശുദ്ധാത്മ നിറവും ഉള്ളവനായിരുന്നു." നല്ലവരുടെ പേരുകൾ പ്രവൃത്തികളുടെ പുസ്തകത്തിൽ നിറഞ്ഞു നിൽക്കുന്നു, എന്നാൽ ലൂക്കൊസ് ബർന്നബാസിനെ മാത്രമെ "നല്ലവൻ" എന്നു *വിളിച്ചുള്ളു.* അവനെ നോക്കുന്നവർക്ക്, "അതൊരു നല്ലൊരു മനുഷ്യൻ" എന്നുചിന്തിക്കാനേ കഴിയു, "വിശ്വാസനിറവും പരിശുദ്ധാത്മ നിറവും"[26] എന്ന പദപ്രയോഗം മറ്റൊരു യവനഭാഷക്കാരനായ യെഹൂദനെക്കുറിച്ചും പറയുന്നു: സ്തെഫാനൊസ്

(6:5). ബർന്നബാസ് പ്രത്യേകതയുള്ള വ്യക്തിയായിരുന്നു.

24-ാം വാക്യത്തിന്റെ അവസാനം ബർന്നബാസിന്റെ പ്രബോധന ഫലത്തെപ്പറ്റി പറയുന്നു: "വളരെ പുരുഷാരം കർത്താവിനോടു ചേർന്നു." സഭയുടെ *ആത്മീയ വളർച്ച* അവൻ ഊന്നൽ കൊടുത്ത് പറഞ്ഞതിന്റെ ഫലമായി സഭ *സംഖ്യാപരമായും* വളർന്നു. ഒരുപക്ഷേ നാം സംഖ്യാപരമായി വളരാതിരിക്കാനുള്ള കാരണം ആത്മീയമായി വളരാതിരിക്കുന്നതുകൊണ്ടാകാം.

**"എല്ലാവർക്കും" എന്നു അപ്പൊസ്തലന്മാർ ആദ്യമായി ഉപയോഗിച്ചു (11:25, 26)**

ആരുടേയും ചിന്തക്കതീതമായി അന്ത്യോക്ക്യയിലെ പ്രവർത്തനം വിജയിച്ചു എങ്കിലും, ബർന്നബാസ് "ശൗലിനെ കാണുവാൻ തർസൊസിലേക്കു പോയി" (വാക്യം 25). യെരുശലേമിലെ യവനഭാഷക്കാരായ യെഹൂദന്മാർ ശൗലിനെ കൊല്ലുവാൻ ശ്രമിച്ചപ്പോൾ യെരുശലേമിലെ സഹോദരന്മാർ അവനെ രക്ഷപ്പെടുത്തി സ്വന്ത സ്ഥലമായ തർസൊസിലേക്കു അയച്ചു. 9-ാം അദ്ധ്യായത്തിൽ ആണ് ശൗലിനെ നാം അവസാനമായി കണ്ടത്. ഏഴോ അതിലധികമോ വർഷങ്ങൾക്കു ശേഷം, ശൗൽ എതിർപ്പിന്റെ മദ്ധ്യത്തിൽ പ്രവർത്തിച്ചു. ഇപ്പോൾ ബർന്നബാസ് നൂറു മൈൽ യാത്ര ചെയ്തു അവനെ കാണുവാൻ പോയി.

അധികം പേരും കരുതുന്നത് അന്ത്യോക്ക്യയിലെ പ്രവർത്തനത്തിൽ ബർന്നബാസ് സന്തോഷാധിക്യത്തിലായിരുന്നു വെന്നും ശൗലിനെ തിരക്കിപ്പോയത് അല്പം ആശ്വാസമായി എന്നുമാണ്. എങ്കിലും, ബർന്നബാസ് മാത്രമായിരുന്നില്ല അന്ത്യോക്ക്യയിൽ പ്രവർത്തിച്ചത്; പ്രവർത്തനഭാരം അവന്റെ തോളിൽ മാത്രമായിരുന്നില്ല (13:1). ബർന്നബാസ് ജാതികളോടൊപ്പം പ്രവർത്തിച്ചതിനാൽ, അതു കൂടുതൽ യുക്തമായി, ജാതികൾക്കായി പ്രത്യേകമായി പ്രവർത്തിപ്പാൻ യേശു വിളിച്ചു ചേർത്തതായി അവൻ ഓർമ്മിച്ചു: ശൗൽ എന്നു പേരുള്ള ഒരാളെ പ്രബോധനപുത്രനായ, ബർന്നബാസ് അന്വേഷിച്ചു അവന്റെ പ്രത്യേക ദൗത്യം നിറവേറ്റുന്നതിനുള്ള അവസരം നല്കുവാനായി പോയി.[27]

മൂലഭാഷയിൽ, "ശൗലിനെ തിരവാൻ" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നതും "അവൻ അവനെ കണ്ടപ്പോൾ" എന്നത് തർജ്ജിമ ചെയ്തിരിക്കുന്നതും സൂചിപ്പിക്കുന്നത് ബർന്നബാസിന്റെ പ്രവർത്തി നിസ്സാരമായിരുന്നില്ല എന്നാണ്. ശൗൽ തന്റെ പൂർവ്വീകഭവനത്തിലല്ല താമസിച്ചിരുന്നത് എന്നതിനാൽ (അവൻ ഒരുപക്ഷെ അനാദരിക്കപ്പെട്ടിരിക്കാം), അവൻ വിസ്തൃതമായി സഞ്ചരിച്ചിരുന്നതിനാലും, പെട്ടെന്ന് അവനെ കണ്ടെത്താനാ കുമായിരുന്നില്ല. ബർന്നബാസ് എങ്കിലും, ക്ഷമയോടെ, "അവനെ കണ്ടെത്തിയാറെ, അന്ത്യോക്ക്യയിലേക്കു കൂട്ടിക്കൊണ്ടു വന്നു" (വാക്യം 26).

ജാതിയിൽപ്പെട്ട ആരോടെങ്കിലും അവൻ പ്രസംഗിച്ചോ എന്നു നമുക്കറിഞ്ഞുകൂടാ. കൊർന്നെല്ല്യോസിന്റെ പരിവർത്തനവും/അല്ലെങ്കിൽ അന്ത്യോക്ക്യയിലെ പ്രവർത്തനവും അവന്റെ അടുക്കൽ എത്തിയിരിക്കാം. എങ്കിലും, ഒരുപക്ഷെ, പ്രവർത്തിച്ചുവെങ്കിൽ, അന്ത്യോക്ക്യയി

ലേക്കു വരുന്നതിനു മുൻപു, യെഹൂദന്മാർ – അല്ലാത്തവരോട് അല്പം മാത്രം പ്രവർത്തിച്ചിരിക്കാം. അവനും ബർന്നബാസും അന്ത്യോക്ക്യക്കാരോടു പ്രസംഗിക്കയും അവരെ ഉപദേശിക്കയും ചെയ്തപ്പോൾ, "അവസാനം എന്റെ പ്രത്യേക ദൗത്യം നിറവേറാൻ തുടങ്ങി" എന്നു വിചാരിച്ചിരിക്കും!

ബർന്നബാസും ശൗലും നല്ലൊരു ടീമായി. "അവർ ഒരു സംവത്സരം മുഴുവനും സഭായോഗം കൂടുകയും, ബഹുജനത്തെ ഉപദേശിക്കയും ചെയ്തു" (വാക്യം 26). അക്ഷരികമായി, "അവർ സഭയായി *കൂടി* വരികയും, ഉപദേശിക്കയും ചെയ്തു." യെരുശലേമിലെ സഭയെപ്പോലെ, അന്ത്യോക്ക്യയിലെ സഭയും നിരന്തരമായി കൂടിവന്നു. അങ്ങനെ ചെയ്തപ്പോൾ, അംഗങ്ങൾ മാത്രമായിരുന്നില്ല; അവർ അവരുടെ ബന്ധുക്കളെയും സ്നേഹിതരെയും കൊണ്ടു വന്നു ഉപദേശിച്ചു. അതുകൊണ്ട്, ബർന്നബാസിനും ശൗലിന്നും "ബഹുജനത്തെ ഉപദേശിപ്പാൻ കഴിഞ്ഞു" – അന്ത്യോക്ക്യാ വളർന്നു തുടർച്ചയായി വർദ്ധിച്ചു വന്നു.

### ആദ്യമായി "എല്ലാവർക്കും" ഉള്ള നാമം ശിഷ്യന്മാർ ഉപയോഗിച്ചു (11:26)

ഈ പാഠത്തിന്റെ ആരംഭത്തിൽ പറഞ്ഞ പ്രത്യേക വേദഭാഗത്തിന്റെ പശ്ചാത്തലം ഇതാണ്: "ആദ്യം അന്ത്യോക്ക്യയിൽ വെച്ച് ശിഷ്യന്മാർക്കു ക്രിസ്ത്യാനികൾ എന്നു പെർ ഉണ്ടായി" (വാക്യം 26).[28]

"ക്രിസ്ത്യാനി" എന്നത് ലിപി മാറ്റിയ ഗ്രീക്കു വാക്കാണ്.[29] ആ വാക്കിലെ ആദ്യ ഭാഗം "ക്രിസ്തു," അർത്ഥം, "അഭിഷിക്തൻ" എന്നും യേശുവിനെ വേറൊരു വിധത്തിൽ പറയുന്നുണ്ട് (2:36). "യാൻ" എന്നത് കൈവശപ്രാധാന്യം വ്യക്തമാക്കുന്നു. ഭൗതിക എഴുത്തുകളിൽ ആരുടെയെങ്കിലും വസ്തുക്കളുടെ ഉടമസ്ഥാവകാശം പറയുന്ന വാക്കാണിത്; പ്രത്യേകിച്ച് അടിമകളെ, അവരുടെ യജമാനന്മാർക്കുള്ളതാണെന്ന അടയാളം.[30] "ക്രിസ്ത്യാനി" എന്നത് അക്ഷരികമായി "ക്രിസ്തുവിനുള്ള വസ്തു" എന്നാണ് – അതായത്; "*ക്രിസ്തുവിന്നുള്ളവൻ.*"[31] പൗലൊസ് പറഞ്ഞു, "നിങ്ങളെ വിലക്കു വാങ്ങിയിരിക്കയാൽ ... നിങ്ങൾ താന്താങ്ങൾക്കുള്ളവരല്ല? എന്ന് അറിയുന്നില്ലയോ ..." (1 കൊരിന്ത്യർ 6:19, 20)!

ആരാണ് "ക്രിസ്ത്യാനി" എന്ന പേർ തുടങ്ങിയത്? പല എഴുത്തുകാരും കരുതുന്നത് ഇത് സഭയുടെ ശത്രുക്കൾ കളിയാക്കി ഇട്ടതാണ് എന്നാണ്. അങ്ങനെ ഊഹിക്കാൻ കാരണം എന്ത്? മെക്ക്ഗാർവെ പറഞ്ഞതുപോലെ, "[പേരിൽ] ചെറുതാക്കലോ നിന്ദാശീലമോ ഒന്നും ഇല്ല."[32] ചിലർ പറയുന്നത് ശിഷ്യന്മാരെ "ക്രിസ്ത്യാനികൾ എന്നു *വിളിച്ചത്*" പുച്ഛമായാണ് എന്നത്രേ. എങ്കിലും, "വിളിച്ചു" എന്ന ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തിരിക്കുന്നതിന്റെ അർത്ഥം"ദൈവത്താൽ *വിളിച്ചു*" എന്നാണ്.[33] ഒരു തർജ്ജിമ പറയുന്നത് "ആദ്യം അന്ത്യോ ക്ക്യയിൽ വെച്ച് ശിഷ്യന്മാരെ *ദൈവം* 'ക്രിസ്ത്യാനികൾ' എന്നു വിളിച്ചു"[34] (എംഫസിസ് മെൻ). അന്ത്യോക്ക്യയിലെ ദൈവശ്വാസിയ പ്രാസംഗികരിൽ ഒരാൾ (13:1) ആകാം ആദ്യമായി ശിഷ്യന്മാരെ അങ്ങനെ വിളിച്ചത്; ജാതികളുടെ,

അപ്പൊസ്തലനായ ശൗലും ആകാം. ഒരു കാര്യം ഉറപ്പാണ്: പേര് എങ്ങനെ ആരംഭിച്ചാലും, പത്രൊസ് എഴുതിയപ്പോൾ, അതിനു ദൈവിക സമ്മതം നൽകുന്നു, "*ക്രിസ്ത്യാനി എന്ന നാമം* ധരിച്ചിട്ടു, കഷ്ടം സഹിക്കേണ്ടി വന്നാൽ, ലജ്ജിക്കരുത്" (1 പത്രൊസ് 4:16; എംഫസിസ് മൈൻ).

പേരിന്റെ ആരംഭത്തെ പരിഗണിക്കുമ്പോൾ "ആർ?" എന്നും "എങ്ങനെ?" എന്നും ചോദിക്കുന്നതിനേക്കാൾ കൂടുതൽ പ്രാധാന്യം "എപ്പോൾ?" "എവിടെ?" "എന്തുകൊണ്ട്?" എന്നതിനാണ്. "എപ്പോൾ?" എന്നും "എവിടെ?" എന്നും ലൂക്കൊസ് പറയുന്നുണ്ട്. "എപ്പോൾ?" – ശൗൽ ബർന്നബാസിനോടുകൂടെ പ്രവർത്തിച്ച ശേഷം "ഒരു സംവത്സരം കഴിഞ്ഞ്"; "എവിടെ?" – "അന്ത്യോക്ക്യയിൽ" വെച്ച് ശിഷ്യന്മാർക്ക് ആദ്യം ക്രിസ്ത്യാനികൾ എന്നു പേരുണ്ടായി. ആത്മീയ സീയോനെക്കുറിച്ചു[35] യെശയ്യാവു "എപ്പോൾ?" എന്നും "എവിടെ?" എന്നും നമ്മെ ഓർപ്പിക്കുന്നു. "ജാതികൾ നിന്റെ നീതിയേയും, സകല രാജാക്കന്മാരും നിന്റെ മഹത്വത്തെയും കാണും; യഹോവയുടെ വായ് കൽപ്പിക്കുന്ന, *പുതിയ പേർ* നിനക്കു വിളിക്കപ്പെടും" (യെശയ്യാവ് 62:2; എംഫസിസ് മൈൻ.) "ജാതികൾ"[36] യെഹൂദന്മാരല്ലാത്തവരെ സൂചിപ്പിക്കുന്നു "ദേശങ്ങളും [ജാതികളും]" "രാജാക്കന്മാരും" എന്നത് മറ്റൊരു വാഗ്ദാനത്തെ ഓർപ്പിക്കുന്നുണ്ടോ? ശൗലിന്റെ പ്രത്യേക ദൗത്യത്തെക്കുറിച്ച് യേശുവിന്റെ വാക്കുകൾ എന്തായിരുന്നു? "അവൻ എന്റെ നാമം *ജാതികൾക്കും രാജാക്കന്മാർക്കും* യിസ്രായേൽ മക്കൾക്കും മുമ്പിൽ വഹിപ്പാൻ ഞാൻ തിരഞ്ഞെടുത്തിരിക്കുന്നോരു പാത്രമാകുന്നു" (9:15; എംഫസിസ് മൈൻ). ഈ പട്ടണത്തിൽ തന്നെ അപ്പൊസ്തലൻ ജാതികൾക്കും രാജാക്കന്മാർക്കും മുമ്പിൽ നിൽക്കുകയും തന്റെ ദൗത്യം നിറവേറ്റുവാൻ യാദൃച്ഛികമായി തുടങ്ങുകയും ചെയ്തു, "പുതിയ പേർ"[37] യേശുവിന്റെ ശിഷ്യന്മാർക്കു വിളിക്കുന്നു?[38]

"ക്രിസ്ത്യാനി" എന്ന പേർ ഉപയോഗിച്ചിരിക്കുന്നതിൽ എന്തെല്ലാം അടങ്ങിയിട്ടുണ്ട് എന്നെനിക്കറിഞ്ഞുകൂടാ, എന്നാൽ രണ്ടു കാര്യങ്ങൾ വ്യക്തമാണ്: (1) അതൊരു പ്രത്യേക പേരാണ്. മറ്റൊരു പേർ അവനെ ആദരിക്കുന്നതായിട്ടില്ല, അതേ സമയം, നമുക്ക് അവനോടുള്ള കടം ഓർപ്പിക്കുന്നു. (2) ഒരു പ്രത്യേക സ്ഥലത്താണ് അത് ആരംഭിച്ചത് – യെഹൂദന്മാരും ജാതികളും പൊതുവായി "ക്രിസ്തുവിന്നുള്ളവർ" എന്ന് അംഗീകരിച്ച പട്ടണം! നമുക്ക് അത് ആദരവോടെ എടുക്കയും – അങ്ങനെ എല്ലായ്പ്പോഴും നാം കർത്താവിന്നുള്ളവരായി നമുക്കു *പ്രവർത്തിക്കയും* ചെയ്യാം!

### "എല്ലാവർക്കും" ഉള്ള കരുതൽ പ്രകടിപ്പിക്കാൻ ജാതികൾക്കു ആദ്യമായി അവസരം ലഭിച്ചു (11:27-30)

ബർന്നബാസിനെപ്പോലെ, ശൗലും, മറ്റുള്ളവരും അന്ത്യോക്ക്യയിൽ പുതിയ ക്രിസ്ത്യാനികളോട് ചേർന്നു പ്രവർത്തിച്ചു, തെക്കു നിന്നു അവർക്ക് സന്ദർശകരും ഉണ്ടായിരുന്നു: "ആ കാലത്ത് യെരുശലേമിൽ നിന്നു പ്രവാചകന്മാർ അന്ത്യോക്ക്യയിലേക്കു വന്നു" (വാക്യം 27). പ്രവാചകന്മാർ ദൈവശ്വാസിയമായി ദൈവത്തിനു വേണ്ടി സംസാരിച്ചവരാ

ണ്. ചിലർക്കു പ്രവചനവരം ലഭിക്കുമെന്ന് പത്രൊസ് പെന്തെക്കൊസ്തു നാളിൽ പറയുകയുണ്ടായി (2:17), എന്നാൽ സഭയിൽ പ്രവാചക ന്മാരെക്കുറിച്ച് ഇതാദ്യമായാണ് പറയുന്നത്. യെരുശലേം ഇടവകയും അന്ത്യോക്ക്യാ ഇടവകയും തമ്മിലുണ്ടായിരുന്ന കൂട്ടായ്മയാണ് അവർ യെരുശലേമിൽ നിന്നു വന്നു എന്നതു സൂചിപ്പിക്കുന്നത്.

"അവരിൽ അഗബൊസ് എന്നു പേരുള്ളൊരുവൻ എഴുന്നേറ്റു" (വാക്യം 28).[39] അഗബൊസ് അറിയപ്പെട്ട പ്രവാചകനായിരുന്നു; അവനെ നാം വീണ്ടും കാണും (21:10, 11). "അവൻ ലോകത്തിൽ ഒക്കെയും മഹാ ക്ഷാമം ഉണ്ടാകും എന്ന് ആത്മാവിനാൽ പ്രവചിച്ചു" (11:28). "ലോകം" എന്നത് "ലോകത്തിൽ വസിക്കുന്നവർ," പ്രത്യേകിച്ച് റോമാ സാമ്രാജ്യ ത്തിലുള്ളവർ. ലൂക്കൊസ് പത്രാധിപക്കുറിപ്പ്ചേർക്കുന്നുണ്ട്: "അത് ക്ലൗദ്യോസിന്റെ കാലത്ത് സംഭവിച്ചു" (വാക്യം 28). ലൗകിക ചരിത്രം രേഖപ്പെടുത്തിയിരിക്കുന്നത് ക്ലൗദ്യോസ് കൈസരുടെ ഭരണകാലത്ത് (എ. ഡി. 41–54), റോമാസാമ്രാജ്യത്തിന്റ അനേക പ്രദേശങ്ങളെ ക്ഷാമം ബാധിച്ചു എന്നാണ്.[40]

അഗബൊസും അവന്റെ സ്നേഹിതന്മാരും അന്ത്യോക്ക്യയിൽ വന്നത് എന്തിനാണെന്ന് നമുക്കറിഞ്ഞുകൂടാ. ഒരുപക്ഷെ അവർ പ്രത്യേ കമായി സഹായത്തിനു വന്നതായിരിക്കാം. ഒരുപക്ഷെ സഹായം ചോദി ക്കുവാനുള്ള ഉദ്ദേശം ഇല്ലായിരിക്കാം, മറിച്ച് സഭയിലേക്കു പോയി ക്ഷാമ ത്തിനു വേണ്ട തയ്യാറെടുപ്പ് നടത്താൻ ക്രിസ്ത്യാനികളെ പ്രോത്സാഹി പ്പിച്ചേക്കാം. അവരുടെ ഉദ്ദേശം എന്തായിരുന്നാലും, അന്ത്യോക്ക്യയിലെ ശിഷ്യന്മാരുടെ പ്രതികരണം വേഗത്തിൽ വിശ്വാർത്ഥതയോടെയായിരു ന്നു: "അപ്പോൾ യെഹൂദ്യയിൽ പാർക്കുന്ന സഹോദരന്മാരുടെ ഉതവി ക്കായി ശിഷ്യന്മാരിൽ ഓരോരുത്തൻ പ്രാപ്തി പോലെ, കൊടുത്തയപ്പാൻ നിശ്ചയിച്ചു" (വാക്യം 29).[41]

അഗബൊസിന്റെ വാക്കുകൾ അനുസരിച്ച്, പാലസ്തീനിലെപ്പോലെ, സുറിയയിലും ക്ഷാമമുണ്ടാകാം, എന്നാൽ അന്ത്യോക്ക്യയിലെ ക്രിസ്ത്യാ നികൾ തങ്ങളേക്കാൾ കൂടുതൽ യെരുശലേമിലെ ക്രിസ്ത്യാനി കളെക്കുറിച്ചു കരുതി. യെരുശലേമിലെ ക്രിസ്ത്യാനികൾക്കുണ്ടായ ഉപ ദ്രവം അവിടെയുണ്ടായില്ല; യെരുശലേമിലെ അനേകരെപ്പോലെ ജോലിയോ വീടൊ അവർക്കു നഷ്ടമായിരുന്നില്ല; യെരുശലേമിലെ അവരുടെ സഹോദരീസഹോദരന്മാരേക്കാൾ ക്ഷാമം നേരിടുവാൻ തങ്ങൾ നല്ല നിലയിലാണെന്ന് അവർ കരുതി. അതുകൊണ്ട്, അവർ ഉടനെ ആഹാ രപദാർത്ഥങ്ങൾ[42] ശേഖരിച്ചു തെക്കോട്ട് അയക്കാൻ തുടങ്ങി.

29-ാം വാക്യത്തിലെ രണ്ടു പദപ്രയോഗമാണ് എന്നെ ആകർഷിക്കു ന്നത്: (1) "ഓരോരുത്തൻ," സ്പഷ്ടമായും, അന്ത്യോക്ക്യയിലെ *എല്ലാ* അംഗങ്ങളും അവരുടെ സഹോദരങ്ങളുടെ കെടുതിയിൽ അനുകമ്പയു ള്ളവരായിരുന്നു. (2) "പ്രാപ്തി പോലെ ... കൊടുത്തയപ്പാൻ തീരുമാ നിച്ചു." പഴയനിയമത്തിൽ, ദൈവം കൽപ്പിച്ചിരുന്നത് ശതമാനക്കണക്കാ യിരുന്നു.[43] പുതിയനിയമത്തിൽ ഒരാൾ ദൈവവേലക്ക് "കൊടുക്കേണ്ടത് പ്രാപ്തി പോലെയാണ്" (1 കൊരിന്ത്യർ 16:2). ഇതിനേക്കാൾ യോജിച്ച സാമ്പത്തിക വ്യവസ്ഥ ഊഹിക്കാനേ കഴിയുന്നില്ല: കൂടുതൽ ഉള്ളവർ

കൂടുതലും; കുറച്ചുള്ളവർ കുറച്ചും നൽകണം.

അന്ത്യോക്ക്യയിലെ ശിഷ്യന്മാർ തങ്ങൾക്ക് യെഹൂദക്രിസ്ത്യാനികളോടു പ്രത്യേകിച്ച് യെരുശലേം സഭയോട് മടക്കിക്കൊടുക്കാൻ (അളന്ന്) ലഭിച്ച അവസരം അവർ ഉപയോഗിച്ചു. യെഹൂദക്രിസ്ത്യാനികൾ അവർക്കു കൊടുത്തത് ഏറ്റവും നല്ല സന്ദേശമായിരുന്നു (സുവിശേഷം); യെരുശലേം സഭ അവരുടെ ഏറ്റവും നല്ല പുരുഷനായ (ബർന്നബാസിനെ) കൊടുത്തു; ഇപ്പോൾ *തങ്ങൾ* നല്ല ദാനം അവർക്കു മടക്കിക്കൊടുക്കുന്നു. പൗലൊസ് പിന്നീടു ഗലാത്യർക്കു എഴുതി, "വചനം പഠിക്കുന്നവൻ പഠിപ്പിക്കുന്നവന്നു എല്ലാ നന്മയിലും ഓഹരി കൊടുക്കണം" (ഗലാത്യർ 6:6). ഇതാണ്, ഫലത്തിൽ, അന്ത്യോക്ക്യയിലെ ക്രിസ്ത്യാനികൾ ചെയ്തത്.

അടുത്ത കാലത്ത്, ദൈവം പുറപ്പെടുവിക്കാത്ത കൽപ്പനകൾ ഇടവകകളുടെ സംരക്ഷണത്തിനായി രൂപപ്പെടുത്തുകയുണ്ടായി.[44] ഈ വ്യക്തികളുടെ ഭീതിയെ ഞാൻ മനസിലാക്കുന്നു, ഇടവകകൾ ഒറ്റപ്പെടുന്നതിനു പ്രോത്സാഹിപ്പിക്കുന്ന മാനുഷിക സിദ്ധാന്തങ്ങളെക്കുറിച്ച് ഞാൻ ഖേദിക്കുകയും ഒരു ഇടവകക്ക് മറ്റൊന്നിനെ അനുമോദിക്കയും സഹായിക്കയും ചെയ്യാമെന്നതിനെപ്പറ്റി നിയമനിർമ്മാണം നടത്തും, കുറച്ചല്ല, മറ്റുള്ള ഇടവകകളോട് *കൂടുതൽ* സ്നേഹവും കരുതലും ഉള്ള ഇടവകകൾ നമുക്ക് വേണം.

അന്ത്യോക്ക്യയിലെ ക്രിസ്ത്യാനികൾ "ധർമ്മശേഖരം അയക്കുവാൻ മാത്രമല്ല തീരുമാനിച്ചത്"; ആ ചുമതല അവർ മുഖാന്തരം നിർവ്വഹിച്ചു. നാം വായിക്കുന്നു, "അവർ അത് നടത്തി, ബർന്നബാസിന്റെയും ശൗലിന്റെയും കയ്യിൽ മൂപ്പന്മാർക്ക് കൊടുത്തയച്ചു" (വാക്യം 30).[45] ശൂന്യമായ വയർ നിറക്കുവാനോ വിറക്കുന്ന ശരീരം വസ്ത്രത്താൽ മൂടുന്നതിനോ നല്ല ഉദ്ദേശമുള്ളവർക്കു ചെയ്യാതിരിക്കാൻ സാദ്ധ്യമല്ല. അവരുടെ സ്നേഹദാനം ബർന്നബാസിനെയും ശൗലിനേയും ഏല്പ്പിച്ചാണ് കൊടുത്തയച്ചത്. ബർന്നബാസിനെ യെരുശലേം സഭയാണ് അയച്ചത്, ശൗലിനെ ഇറക്കിയത് ബർന്നബാസ് ആയിരുന്നു; എന്നാൽ രണ്ടു പേരും അന്ത്യോക്ക്യയിലെ സഹോദരങ്ങളുടെ വിശ്വാസം നേടിയിരുന്നു.

ദാനം അപ്പൊസ്തലന്മാരുടെ അടുക്കലല്ല എത്തിച്ചത്, "മൂപ്പന്മാരുടെ" കയ്യിലാണ് ഏല്പ്പിച്ചത്. പ്രവൃത്തികളുടെ പുസ്തകത്തിൽ ഇതാദ്യമാണ് സഭയിലെ അദ്ധ്യക്ഷന്മാരെ "മൂപ്പന്മാർ" എന്നു വിളിക്കുന്നത്. "മൂപ്പന്മാർ" എന്നത് യെഹൂദ്യ സഭയിലെ എല്ലാ മൂപ്പന്മാരോ അല്ലെങ്കിൽ യെരുശലേം സഭയിലെ മൂപ്പന്മാരോ ആകാം. അവരുടെ ധർമ്മശേഖരാവസാനം, "ബർന്നബാസും ശൗലും *യെരുശലേമിൽ* നിന്നു മടങ്ങി വന്നു" (12:25; എംഫസിസ് മൈൻ), അവർ ധർമ്മശേഖരം യെരുശലേമിൽ എത്തിക്കയും, യെരുശലേമിലെ മൂപ്പന്മാർ അതു വിതരണം ചെയ്യുകയും ചെയ്തിരിക്കാം.[46] സഭാ നേതൃത്വം അപ്പൊസ്തലന്മാരിൽ നിന്നു മൂപ്പന്മാരിലേക്കു മാറി. അപ്പൊസ്തലത്വം സഭയിലെ കരുണാധികൃത്തിലുള്ള സ്ഥാനമായിരുന്നു; മൂപ്പന്മാർ എന്ന സ്ഥാനം സ്ഥിരമായതാണ്.

നമ്മുടെ വേദഭാഗം കർത്താവിന്റെ സഭയിലെ അംഗങ്ങൾ തമ്മിൽ തമ്മിലുള്ള സ്നേഹസ്വഭാവത്തിന്റെ മനോഹരമാതൃക നൽകുന്നു. ബർന്ന

ബാസിനെ അന്ത്യോക്ക്യാ സഭയിലേക്ക് അയച്ചുകൊണ്ടു യെരുശലേം സഭയുടെ പിന്തുണ അറിയിച്ചു. അന്ത്യോക്ക്യാ സഭ അവരുടെ ധർമ്മ ശേഖരം യെരുശലേം സഭയിലേക്ക് അയച്ചു അവരുടെ പിന്തുണ കാണിച്ചു. രണ്ടു ഇടവകകളും സ്വയംഭരണാധികാരമുള്ളവയായിരുന്നു; സ്ഥാനികളുടെ അധികാരശ്രേണിയാൽ നിർബ്ബന്ധമായി സഹായിക്കണമെന്നതു കൊണ്ടല്ല; അവർ അതു *സ്നേഹത്താൽ* ചെയ്തു.

ഒരിക്കൽ കൈ നഷ്ടപ്പെട്ട ഒരു കുട്ടി ബൈബിൾ ക്ലാസിൽ പങ്കെടുക്കാൻ വന്നു. ക്ലാസ് അവസാനിക്കുന്നതു വരെ ടീച്ചർ ക്ലാസ്സെടുത്തു. സുപരിചിതമായ കൈവിരൽ കളിക്കായി എല്ലാവരും കൈകൾ കോർത്തു, "നമുക്കു സഭയാകാം"[47] എന്നു പറഞ്ഞു. അവർ പെട്ടെന്ന് ആ ചെറിയ കുട്ടിക്കു ഇതിൽ പങ്കെടുക്കാൻ കഴിയുകയില്ലല്ലൊ എന്നു തിരിച്ചറിഞ്ഞു. എന്തു ചെയ്യണമെന്ന് ആലോചിച്ച് നിന്നപ്പോൾ, ഒരു പെൺകുട്ടി ആ ആൺകുട്ടിയുടെ അടുത്തെത്തി, അവളുടെ ഒരു കൈ ആ കുട്ടിയുടെ കൈക്കു പകരമായി വെച്ചു പറഞ്ഞു, "നമുക്കു ഒരുമിച്ചു സഭയാകാം." നാം ഓരോരുത്തരും വെവ്വേറെ ഭാഗങ്ങളാണെങ്കിലും, സ്വയംഭരണാധികാര ഇടവകയായിത്തന്നെ നാം കൈകൾ ചേർത്ത് "ഒരുമിച്ച് സഭയാകണം"!

**ഉപസംഹാരം**

"പ്രവൃത്തികൾ, 1"-ാം ലക്കത്തിൽ 2:42-47, അടിസ്ഥാനപ്പെടുത്തിയ "ഞാൻ അംഗമാകാൻ ആഗ്രഹിക്കുന്ന ഇടവക" എന്ന തലക്കെട്ടിൽ ഒരു പാഠം ഒരുക്കി. പ്രവൃത്തികൾ 11:19-30-ൽ ഞാൻ അംഗമാകാൻ ഇഷ്ടപ്പെടുന്ന മറ്റൊരു ഇടവക, അന്ത്യോക്ക്യയിൽ നാം കാണുന്നു. (1) അതു കരുതലുള്ള ഒരു ഇടവകയായിരുന്നു – എല്ലാ മനുഷ്യരെക്കുറിച്ചും കരുതലുണ്ടായിരുന്നു, വർഗ്ഗമോ പശ്ചാത്തലമോ നോക്കാതെയായിരുന്നു അത്. (2) അതൊരു സുവിശേഷം അറിയിക്കുന്ന ഇടവകയായിരുന്നു – എല്ലാവരോടും സുവിശേഷം പങ്കിട്ടിരുന്നു. (3) അതൊരു നിസ്വാർത്ഥ ഇടവകയായിരുന്നു – കീർത്തി ആർക്കു കൊടുക്കണമെന്നു കരുതി. (4) അതൊരു ക്രിസ്തുവിനെ – ആദരിക്കുന്ന ഇടവകയായിരുന്നു – ക്രിസ്തുവിന്റെ നാമം അവർ അഭിമാനത്തോടെ ധരിച്ചിരുന്നു. (5) അതൊരു അഭിനന്ദിക്കുന്ന ഇടവകയായിരുന്നു – അതു പ്രകടമാക്കിയിരുന്നു. അതു കൊണ്ട്, (6) അതൊരു വളരുന്ന ഇടവകയായിരുന്നു – ദൈവം അവരുടെ പരിശ്രമങ്ങളെ അനുഗ്രഹിച്ചു. ചുരുങ്ങിയ വാക്യങ്ങളിൽ ഇത്രയധികം "വളർച്ചാ പ്രസ്താവനകൾ" കാണിക്കുന്ന മററു ഭാഗങ്ങളില്ല: "കർത്താവിന്റെ കരം അവരോടുകൂടെ ഉണ്ടായിരുന്നു; വലിയോരു കൂട്ടം വിശ്വസിച്ചു കർത്താവിലേക്കു തിരിഞ്ഞു"; "വളരെ പുരുഷാരം കർത്താവിനോടു ചേർന്നു"; "... അവർ ... ബഹുജനത്തെ ഉപദേശിക്കയും ചെയ്തു" (വാക്യങ്ങൾ 21, 24, 26). അത്തരം ഗുണങ്ങൾ ഉള്ള ഇടവകകൾ വേണമെങ്കിൽ നമുക്ക് അത്തരം ഗുണങ്ങൾ ഉള്ള *അംഗങ്ങൾ* വേണം.

നാം അവസാനിപ്പിക്കുന്നതിനു മുമ്പ്, വേദഭാഗത്ത് നിന്നു പഠിച്ച സത്യത്തിന്റെ വെളിച്ചത്തിൽ നിങ്ങളെത്തന്നെ പരിശോധിക്കുക. "ആദ്യ

സംഭവങ്ങൾ" സംസാരിച്ചുകൊണ്ടാണ് ഈ പ്രത്യേക പാഠം നാം തുടങ്ങിയത്. ചിലർക്ക്, ഗൗരവമുള്ള ആത്മിയകണ്ടുപിടിത്തങ്ങളെ ആദ്യം പറയുന്നതാണ് ഇഷ്ടം, അങ്ങനെ ചെയ്താൽ നിങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടും. അന്ത്യോക്ക്യയിലുള്ളവർ ചെയ്തതുപോലെ, "കർത്താവിലേക്കു തിരിയാൻ" കഴിയാത്തവർക്ക് ക്രിസ്തുവിന്റെ നാമം നിയമാനുസരണം എടുക്കാൻ സാധിച്ചിട്ടില്ല എന്നു കാണാം. അങ്ങനെയെങ്കിൽ, നമ്മുടെ കർത്താവിനെ അനുസരിക്കുവാൻ നീട്ടി വെക്കരുത്. *ക്രിസ്ത്യാനിയായി* തീരുന്ന നിങ്ങളുടെ പുതിയ ജീവിതത്തിന്റെ *ആദ്യ* ദിവസമായി, ഇന്നു ക്രിസ്തുവിനുള്ള ദിവസമായി തീരട്ടെ!

## ദൃശ്യ - സഹായകുറിപ്പുകൾ

"ക്രിസ്ത്യാനി" എന്ന പേർ വലുതാക്കി കാണിക്കാൻ "ക്രിസ്ത്യാനി" എന്ന വാക്ക് ബോർഡിൽ എഴുതുക. ആ വാക്കിലെ മൂന്നിൽ – രണ്ടു ഭാഗവും "ക്രിസ്തു" എന്നാണ്. പിന്നെയുള്ള "യാൻ" എന്നത് മുഖ്യമായി "ഉടമസ്ഥാവകാശം" അല്ലെങ്കിൽ "അവനുള്ളവൻ" എന്നാണ്. താഴെ "ക്രിസ്ത്യാനി," "ക്രിസ്തുവിന്റേതായ ഒരാൾ" എന്നും ക്രിസ്തുവിനുള്ളവൻ എന്നും എഴുതുക. അർത്ഥത്തിന് പ്രാധാന്യം കൊടുക്കുക.

(ക്രിസ്തു) (യാൻ)
ക്രിസ്തുവിന്റെ ഒരാൾ
ക്രിസ്തുവിനുള്ളവൻ

ഈ വാക്കുകൾ ചെറിയ കാർഡ് ബോർഡിൽ അച്ചടിച്ചെടുക്കയുമാകാം.

## പ്രസംഗക്കുറിപ്പുകൾ

അന്ത്യോക്ക്യയിലേക്കുള്ള ബർന്നബാസിന്റെ സന്ദേശം തന്നെ വലിയോരു സന്ദർഭമാകും: "അവൻ ചെന്ന് ദൈവകൃപ കണ്ട് സന്തോഷിച്ചു. എല്ലാവരും ഹൃദയനിർണ്ണയത്തോടെ കർത്താവിനോട് ചേർന്നു നിൽപ്പാന്തക്കവണ്ണം പ്രബോധിപ്പിച്ചു" (വാക്യം 23). ക്രിസ്തീയജീവിതം ആരംഭിച്ചവർ അനേകർ വീണുപോയി! "കർത്താവിനോട് സത്യമായി നിലനിൽക്കുവാൻ" നമുക്ക് ഇന്നും ബർന്നബാസിനെപ്പോലെയുള്ളവർ വേണം. പാഠത്തിന്റെ തലവാചകം "കർത്താവിനോട് സത്യസന്ധമായി തുടരുക" എന്നു കൊടുക്കാം, മുഖ്യ ആശയങ്ങൾ (1) അനുഗ്രഹങ്ങളെ ഓർമ്മിക്കുക ("സന്തോഷിച്ച്"), (2) നിങ്ങളുടെ സഹോദരന്മാരെ ഓർക്കുക ("അവരെ പ്രബോധിപ്പിച്ചു തുടങ്ങിയത്"), (3) നിങ്ങളുടെ സമർപ്പണം ഓർക്കുക ("ഹൃദയനിർണ്ണയത്തോടെ"), (4) നിങ്ങളുടെ കർത്താവിനെ ഓർക്കുക ("കർത്താവിനോട് സത്യസന്ധമായിരിക്കുക").

## കുറിപ്പുകൾ

[1]പ്രവൃത്തി 6:5 ലാണ് നാം ആദ്യം അന്ത്യോക്ക്യ വായിക്കുന്നത്. [2]തന്റെ തന്നെ പേരാണ് തുറമുഖമായ, സെലൂക്ക്യക്കു നൽകിയത് (13:4). [3]വേറെ പതിനാറ് പട്ടണങ്ങളേയും ഇതുപോലെ ആദരിച്ചിരുന്നു. 13:14-ൽ നാം മറ്റൊരു അന്ത്യോക്ക്യയെ കാണുന്നുണ്ട്. [4]റോമും അലെക്സന്തരും വലുതായിരുന്നു. അന്ത്യോക്ക്യയിൽ അര ദശലക്ഷം ആളുകൾ ഉണ്ടായിരുന്നു. [5]കേട്ടുകേൾവി പ്രകാരം, ഡാഫിനെ വ്യക്തിപരമായി ഒരു പൊന്തക്കാട്ടിൽ ഒളിച്ചു രക്ഷപ്പെടുകയായിരുന്നു. [6]ഈ പുസ്തകത്തിലെ പൗലൊസിന്റെ ഒന്നും രണ്ടും മിഷണറി യാത്രയുടെ പടം നോക്കുക. [7]പിന്നീട്, ഫൊയ്നിക്ക്യ, സോർ, സീദോൻ എന്നിവിടങ്ങളിലെ ക്രിസ്ത്യാനികളെക്കുറിച്ചും വായിക്കുന്നു (15:3; 21:3-7; 27:3). [8]കുപ്രൊസ്, ആകയാൽ, ശൗലും ബർന്നബാസും ചെന്നപ്പോൾ സുവിശേഷത്തിന് “വെർജിൻ ടെറിട്ടറി” ആയിരുന്നില്ല. [9]വാക്യം തുടങ്ങുന്നു, “അതുകൊണ്ട് പിന്നെ” 19 മുതൽ 30 വരെയുള്ള വാക്യങ്ങൾ മുൻപ് പഠിച്ചതുമായി നോക്കുക. *ഔൺ* എന്നത് തർജ്ജിമ ചെയ്തതാണ് “അതുകൊണ്ടു പിന്നെ” എന്നത്. അർത്ഥം “അതുകൊണ്ട്” എന്നാണ്. ജാതികൾ സുവിശേഷം സ്വീകരിക്കണമെന്ന് അവസാനം പത്രൊസ് സഭയിലെ അദ്ധ്യക്ഷന്മാരെ ബോധ്യപ്പെടുത്തിയതായി പറഞ്ഞശേഷം, ലൂക്കൊസ് ജാതികളോട് സുവിശേഷം അറിയിച്ചാലുള്ള പ്രായോഗിക ഫലം വിവരിക്കുന്നു. [10]കുറേന, ദക്ഷിണാഫ്രിക്കയിലെ ഒരു ടൗൺ ആയിരുന്നു. പെന്തെക്കൊസ്തു നാളിൽ കുറേനക്കാരും ഉണ്ടായിരുന്നു (2:10); സ്പഷ്ടമായി കുറെ പേർ പരിവർത്തനം ചെയ്യപ്പെട്ടു. അന്ത്യോക്ക്യയിലേക്ക് സുവിശേഷം എത്തിച്ചത് കുറേനക്കാരനായ ശിമോൻ (മത്തായി 27:32) ആയിരുന്നു എന്നു പറയപ്പെടുന്നു.

[11]സാധാരണ 8:4 “പ്രാസംഗികൻ” എന്നതിന്റെ തർജ്ജിമ ചെയ്തിരിക്കുന്ന വാക്കല്ല ഇവിടെ ഉപയോഗിച്ചിരിക്കുന്നത്, “സുവിശേഷീകരിക്കൽ” എന്നതാണ്. ന്യൂ സെഞ്ചുറി വെർഷനിൽ “കർത്താവായ യേശുവിനെക്കുറിച്ചുള്ള സുവാർത്ത പറയൽ” എന്നാണ്. [12]അവർ ജാതികളോട് “ക്രിസ്തുയേശുവിനെ പ്രസംഗിക്കുന്നതിനു പകരം” “കർത്താവായ യേശുവിനെയാണ് പ്രസംഗിച്ചത്” എന്നതിൽ പ്രാധാന്യമുണ്ട് “മശിഹ” എന്ന ആശയം ജാതികൾക്ക് കുറച്ചേ മനസ്സിലാകയുള്ളു; എന്നാൽ “കർത്താവ്” എന്ന ആശയം അവർക്ക് കൂടുതൽ മനസ്സിലാകും. [13]“യവനന്മാർ” എന്നതിന്റെ “ഗ്രീക്ക്” വാക്ക് തർജ്ജിമ ചെയ്തതിന്റെ അക്ഷരാർത്ഥം “യവനഭാഷക്കാർ” എന്നാണ്. അതേ വാക്ക് 6:1-ൽ *യെഹൂദന്മാർക്ക്* ഉപയോഗിച്ചിട്ടുണ്ട്. ഈ സന്ദർഭത്തിൽ, എങ്ങനെയും, ഇത് യവനഭാഷക്കാരായ ജാതികളാണ്. [14]ചിലരുടെ പേർ 13:1-ൽ പറയുന്നു. [15]ആരെങ്കിലും അന്ത്യോക്ക്യയിൽ പോയി അത്ഭുതം ചെയ്തിട്ടുണ്ടോ എന്നു നമുക്കറിഞ്ഞുകൂടാ, എന്നാൽ മുൻപ് ചിലരുടെ മേൽ അപ്പൊസ്തലന്മാർ കൈ വെച്ചിരിക്കാൻ സാദ്ധ്യതയുണ്ട്. [16]ഇംഗ്ലീഷിലും ഗ്രീക്കിലും വിശ്വസിക്ക എന്ന പ്രവൃത്തിയും തിരിയുക (പരിവർത്തനം) എന്നതും പ്രവൃത്തികൾ 3:19 മാനസാന്തര പ്രവൃത്തിയും തിരിയൽ പ്രവൃത്തിയും വെവ്വേറെയായിരിക്കുന്നതുപോലെ ഇതും രണ്ടു പ്രവൃത്തിയാണ്. [17]യെഹൂദന്മാരോട് പ്രസംഗിച്ചു എന്ന സൂചനയില്ലാത്തതുകൊണ്ട് (11:19) ഫലം അസംഖ്യം പരിവർത്തനങ്ങൾ ആയിരുന്നു. വേദഭാഗം പറയുന്നത് ജാതികളിൽ അനേകർ കർത്താവിലേക്കു തിരിഞ്ഞു എന്നാണ് (11:20, 21), അന്ത്യോക്ക്യാ സഭയിലുള്ളവർ അധികവും ജാതികളായിരുന്നു എന്നു ഞാൻ വിശ്വസിക്കുന്നു. [18]ആ ഇടവകയുടെ ഭാഗമായി യെഹൂദന്മാർ ഉണ്ടായിരുന്നില്ലെങ്കിലും പ്രസംഗിക്കുവാൻ പോയ യെഹൂദന്മാർ അവിടെ ഉണ്ടായിരുന്നേക്കാം. [19]ബർന്നബാസ് പന്തിരുവരിൽ ഒരാൾ അല്ലാതിരുന്നതുകൊണ്ട്, അവന്റെ പ്രവൃത്തി മറ്റുള്ളവരുടേതിൽ നിന്നു വ്യത്യസ്തമായിരുന്നു. പത്രൊസും യോഹന്നാനും ശമര്യയിലെ പുതിയ ക്രിസ്ത്യാനികളുടെ മേൽ കൈ വെച്ച് അത്ഭുത വരങ്ങൾ നൽകി. ബർന്നബാസിനു അതു നൽകാൻ കഴിഞ്ഞില്ല; അവൻ ആളുകളോട് പ്രസംഗിച്ചു വന്നു. [20]ഒരു യാചകനെ സൗഖ്യമാക്കി ജനക്കൂട്ടം വന്നപ്പോൾ അവർ അവരോടു പ്രസംഗിച്ചു.

[21]അപ്പൊസ്തലന്മാരെ അയക്കാതിരിക്കാനുള്ള കാരണം “അവരെല്ലാം സുവിശേഷ

യാത്രയിലായിരുന്നു" എന്നാണ് ചിലർ കരുതുന്നത്. ഒരുപക്ഷെ അതു വാസ്തവമാകാം, എന്നാൽ ബർന്നബാസിനെ അയക്കാൻ കാരണം ആ സാഹചര്യത്തിന് അപ്പൊസ്തലന്മാരേക്കാൾ യോജിച്ച അവൻ ആയതുകൊണ്ടാകാനാണ് കൂടുതൽ സാദ്ധ്യത. (ചിലർ പറയുന്നത് ബർന്നബാസ് ആ ജോലി സ്വയം ഏറ്റെടുത്തതാണ് എന്നാണ്.) [22]അവരുടെ തീരുമാനത്തിൽ ദൈവത്തിന്റെ പങ്കുണ്ടായിരുന്നു എന്നതിൽ സംശയമില്ല. [23]എൻഎഎസ്ബി മൂലഭാഷ ശരിയായി തർജ്ജിമ ചെയ്തിട്ടുണ്ട്. എൻഐവി തരുന്ന അർത്ഥം "അവൻ ... ദൈവകൃപയുടെ *തെളിവു* കണ്ടു എന്നാണ്" (എംഫസിസ് മൈൻ). [24]എൻഐവിയിൽ "അവരെല്ലാം ഹൃദയനിർണ്ണയത്തോടെ" എന്നാണ്. [25]സ്പഷ്ടമായി, ബർന്നബാസ് ഫലമുള്ള ഉപദേഷ്ടാവായിരുന്നു, പക്ഷെ അവന്റെ ചുരുക്കമായ കഥ അവന്റെ പ്രസംഗത്തിൽ സൂക്ഷിച്ചിരുന്നു. [26]"പരിശുദ്ധാത്മ നിറവ്" അർത്ഥമാക്കുന്നത് അത്ഭുതത്തോടും അത്ഭുതം - കൂടാതെയും "ആത്മാവിന്റെ നിയന്ത്രണം" എന്നാണ്. ബർന്നബാസ് ദൈവശ്വാസിയ പ്രവാചകനും/ഉപദേഷ്ടാവും (13:1) ആയതുകൊണ്ട്, ആ പദപ്രയോഗത്തിന് അത്ഭുത വന്ധമുണ്ട്. സന്ദർഭത്തിൽ, എങ്ങനെയായാലും, ബർന്നബാസിൽ ആത്മാവ് വസിച്ചിരുന്നു എന്ന് അവന്റെ ജീവിതം തെളിയിക്കുന്നു (ഗലാത്യർ 5:22, 23). [27]ബർന്നബാസിനു ഒരു വരം ഉണ്ടായിരുന്നതിനാൽ (13:1), ശൗലിനെ അന്വേഷിച്ചത് പരിശുദ്ധാത്മ നിർദ്ദേശപ്രകാരം ആയിരുന്നേക്കാം - 13:2 നോക്കുക. [28]ലൂക്കൊസിന്റെ വാക്കുകൾ സൂചിപ്പിക്കുന്നത് "ക്രിസ്ത്യാനി" എന്ന വാക്ക് അവൻ എടുക്കുമ്പോൾ അറിയപ്പെടുന്ന - പദവിയായിരുന്നു എന്നും, അതു അല്പം വിശദമാക്കുന്നതിനു വിലയുള്ളതാണെന്നും കരുതി. [29]ഐ.ഇ., എന്നത് ഗ്രീക്ക് അക്ഷരങ്ങൾക്കു പകരം ഇംഗ്ലീഷ് അക്ഷരത്തിലെഴുതിയതാണ്. [30]അഡോൾഫ് ഡെയിസ്മാൻ, *ലൈറ്റ് ഫ്രം ദി എൻഷ്യന്റ് ഈസ്റ്റ്* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: ബേക്കർ ബുക്ക് ഹൗസ്, 1965), 377.

[31]ജെ.ഡബ്ലിയു.റോബർട്സ്, *ആക്സ് ഓഫ് അപ്പൊസ്ടൽസ്*, പാർട്ട് 1 (ആസ്റ്റിൻ, ടക്സ്.: ആർ.ബി.സ്വീറ്റ് കമ്പനി, 1967), 82; ലൂയിസ് ഫോസ്റ്റർ, കമെന്റ്സ് ഓൺ ആക്സ്, *ദി എൻഐവി സ്റ്റഡി ബൈബിൾ* (ഗ്രാന്റ് റാപ്പിഡ്സ്, മൈക്ക്.: സോണ്ടർവാൻ പബ്ലിഷിങ്ങ് ഹൗസ്, 1985), 1667. [32]ജെ.ഡബ്ലിയു.മെക്ക്ഗാർവേ, *ന്യൂ കമെന്ററി ഓൺ ആക്സ് ഓഫ് ദി അപ്പൊസ്ടൽസ്*, വാല്യം 1 (ഡിലൈറ്റ്, ആർക്ക്.: ഗോസ്പെൽ ലൈറ്റ് പബ്ലിഷിങ്ങ് കമ്പനി, എൻ.ഡി.), 228. [33]ദി ഗ്രീക്ക് വാക്ക് (*ക്റെമാറ്റിസോ*) പ്രവൃത്തികൾ 10:22-ൽ "ദാവികമായി നിർദ്ദേശിച്ചു" എന്നും "ദൈവത്താൽ മുന്നറിയിച്ചു" എന്ന് മത്തായി 2:12, 22; ലും എബ്രായർ 8:5; 11:7 ലും തർജ്ജിമ ചെയ്തിരിക്കുന്നു. [34]ഹ്യൂഗോ മെക്കോർഡ്, മെക്കോർഡ്'സ് ന്യൂ ടെസ്റ്റമെന്റ് ട്രാൻസിലേഷൻ ഓഫ് ദി എവർലാസ്റ്റിങ്ങ് ഗോസ്പെൽ (ഹെന്റേർസൺ, ടെൻ.: ഫ്രീഡ് - ഹാർഡ്മാൻ കോളേജ്, 1988). [35]സന്ദർഭത്തിൽ, പ്രവാചകൻ യെരുശലേമിനോടായിരുന്നു സംസാരിച്ചത്. പുതിയ ഉടമ്പടിയിൽ, ഭൗതിക യെരുലേം പട്ടണത്തിനു പ്രാധാന്യം ഒന്നുമില്ല; ഇന്നു ദൈവത്തിന്റെ പ്രത്യേക വാസ സ്ഥലം ഭൗതിക യെരുശലേം ദൈവാലയത്തില്ല; ദൈവം, തന്റെ ജനമായ അവന്റെ സഭ. [36]കെജെവിയിൽ "ജാതികൾ" എന്നാണ്. [37]യേശുവിന്റെ ശിഷ്യന്മാരുടെ മറ്റു പേരുകൾ - സഹോദരന്മാർ, ശിഷ്യന്മാർ, മുതലായവ - പുതിയതായിരുന്നില്ല, എന്നാൽ ഒരു വിധത്തിലല്ലെങ്കൽ വേറൊരു വിധത്തിൽ യെഹൂദമതത്തിൽ ഉപയോഗിച്ചിട്ടുണ്ട്. [38]പ്രവൃത്തികൾ 11:26 യെശയ്യാവ് 62:2 ന്റെ നിവർത്തീകരണമാണെന്ന് ദൈവ ശ്വാസിയ എഴുത്തുകാരാരും പറയാത്തതുകൊണ്ട്, ആ പോയിന്റ് എടുക്കേണ്ടതില്ല. അത്, എങ്ങനെയായാലും, ഇതാകാനാണ് ശക്തമായ സാദ്ധ്യത. [39]വെസ്റ്റേൺ ടെക്സ്റ്റിൽ 28-ാം വാക്യത്തിൽ "*ഞങ്ങൾ* കൂടി വന്നപ്പോൾ ..." എന്നാണ് (എംഫസിസ് മൈൻ), പാരമ്പര്യമനുസരിച്ച് *ലൂക്കൊസ്* അന്ത്യോക്ക്യക്കാരനായിരുന്നു. [40]ക്ഷാമം റോമിനെ, ഗ്രീസിനെ, മിസ്രയീമിനെയും, യെഹൂദ്യയെയും ബാധിച്ചു. ഏതാണ്ട് എഡി 45-47 ലായിരുന്നു, യെഹൂദ്യയെ വിഴുങ്ങിയ ക്ഷാമം സംഭവിച്ചത് എന്നാണ് ജോസെഫസ് പറഞ്ഞത്.

[41]ബർന്നബാസ്, തന്റെ ഔദാര്യത്തിനു ശ്രദ്ധേയനായിരുന്നതു (4:36, 37), ഒരുപക്ഷെ ഇതിനെ പ്രോത്സാഹിപ്പിച്ചിരിക്കാം. [42]നിങ്ങളുടെ കയ്യിൽ എൻഎഎസ്ബി ഉണ്ടെങ്കിൽ,

അതിൽ "ധർമ്മശേഖരം" എന്ന വാക്ക് ചരിച്ചെഴുതിയിരിക്കുന്നത്, സൂചിപ്പിക്കുന്നത് അത് തർജ്ജിമക്കാർ നൽകിയെന്നാണ്. "ആശ്വാസം" എന്നത് ഗ്രീക്കു വാക്ക് തർജ്ജിമ ചെയ്തത് സാമാന്യഗതമായ വാക്കിന്റെ അർത്ഥം "ശുശ്രൂഷ" എന്നായതുകൊണ്ട് അതിൽ സഹായസൂചനയില്ല. സാധാരണ, ക്ഷാമ സമയത്ത് ആശ്വാസം എന്നത് പണത്തിനു പകരം, കേടു വരാത്ത ആഹാര വസ്തുക്കളാണ്. കുറച്ച് ഭക്ഷണമേ വാങ്ങാൻ പറ്റു എന്നതിനാലും അതിനുള്ള വില വിലക്കപ്പെട്ടതിനാലുമാണത്. [43]ആവശ്യപ്പെട്ട ശതമാനം ദശാംശമായിരുന്നു, അല്ലെങ്കിൽ 10 ശതമാനം (മലാഖി 3:8, 10). [44]"സഹകരണം: നിയമങ്ങളോ സ്നേഹമോ?" [45]ഗലാത്യർ 2:1-10 ശൗലിന്റെ/പൗലൊസിന്റെ രണ്ടാം യെരുശലേം സന്ദർശനത്തെപ്പറ്റി പറയുന്നു. അതു നടന്നത് പ്രവൃത്തി 11 ലെ, ധർമ്മ പ്രവൃത്തിയുമായി ബന്ധപ്പെട്ടാകാം, അല്ലെങ്കിൽ അതേ സംഭവം വിവരിച്ചിരിക്കുന്ന 15-ാം അദ്ധ്യായവുമായ ബന്ധത്തിലാകാം, പ്രവൃത്തികൾ 15 ലെ വ്യാഖ്യാനവുമായി ബന്ധപ്പെടുത്തി പരിഗണിക്കേണ്ടതാണ് ഗലാത്യർ 2. [46]യെരുശലേം സഭയിൽ മൂപ്പന്മാരുണ്ടായിരുന്നു എന്നത് ഇതിനെ ശക്തമായി സാധൂകരിക്കുന്നു (15:2), എന്നാൽ യെഹൂദ്യയിലെ മറ്റു സഭകളിൽ മൂപ്പന്മാരുണ്ടായിരുന്നോ എന്നു നമ്മോട് പറഞ്ഞിട്ടില്ല. "സഭാ സഹകരണമാതൃകക്കു മാത്രമായി" ശഠിക്കുന്നവർ യോരുശലേമിലെ മൂപ്പന്മാർ ധർമ്മം യെഹൂദ്യയിൽ വിതരണം ചെയ്തുവെന്നത് നിഷേധിക്കുന്നു കാരണം ഇതു അവർ കണ്ടുപഠിച്ച "മാതൃക" ക്കു വിരുദ്ധമാണെന്ന് അവർ കരുതുന്നു. [47]ഈ കുട്ടികളുടെ കൈവിരൽ കളിയിൽ, കൈകളും വിരലുകളും ആദ്യം ഒരു സഭാ കെട്ടിടമായി രൂപപ്പെടുന്നു, പിന്നെ കെട്ടിടത്തിന്റെ ഗോപുരമായി തീരുന്നു, അവസാനം കെട്ടിടത്തിനകത്ത് ആളുകളും.